ഹരിതകേരളം മിഷൻ
കേരള സർക്കാർ

20.08.2019

## പത്രക്കുറിപ്പ്

# ഹരിത ഐ.ടി.ഐ. കാമ്പസ് ആദ്യഘട്ട പ്രഖ്യാപനം നവംബർ 1 ന്

**ഹരിതകേരളം മിഷന്റെയും വ്യാവസായിക പരിശീലന വകുപ്പിന്റെയും സംയുക്ത സംരംഭം**

സംസ്ഥാനത്തെ പതിനാല് ഐ.ടി.ഐ.കളെ ഹരിത ഐ.ടി.ഐ.കളായി നവംബർ 1 ന് പ്രഖ്യാപിക്കും. ഐ.ടി.ഐ. കാമ്പസുകളെ ഹരിത കാമ്പസാക്കി മാറ്റാനുള്ള ഹരിതകേരളം മിഷന്റെയും വ്യാവസായിക പരിശീലന വകുപ്പിന്റെയും കൂട്ടായ പ്രവർത്തനഫലമായാണ് ഈ നേട്ടം. ഇതു സംബന്ധിച്ച് തിരുവനന്തപുരത്ത് (20.08.2019) നടന്ന അവലോകന യോഗവും ശില്പശാലയും വ്യാവസായിക പരിശീലന വകുപ്പ് ഡയറക്ടർ ശ്രീ. ചന്ദ്രശേഖർ ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ.സീമ ആമുഖ പ്രഭാഷണം നടത്തി. വ്യാവസായിക പരിശീലന വകുപ്പ് അഡീഷണൽ ഡയറക്ടർ പി.കെ. മാധവൻ സംസാരിച്ചു. ധനുവച്ചപുരം, കഴക്കൂട്ടം(വനിത), ചന്ദനത്തോപ്പ്, ചെന്നീർക്കര, കളമശ്ശേരി, കട്ടപ്പന, ചാലക്കുടി (വനിത), മലമ്പുഴ, വാണിയാംകുളം, കോഴിക്കോട് (വനിത), കൽപ്പറ്റ, അരീക്കോട്, കണ്ണൂർ (വനിത), പുല്ലൂർ എന്നീ ഐ.ടി.ഐ. കളെയാണ് ആദ്യഘട്ടമായി ഹരിത ഐ.ടി.ഐ. കാമ്പസുകളായി പ്രഖ്യാപിക്കുന്നത്. ഇതുസംബന്ധിച്ച പ്രവൃത്തികൾക്കായി ബഡ്ജറ്റിൽ അനുവദിച്ച ഒരുകോടി രൂപ വിനിയോഗിച്ചാണ് പദ്ധതി നിർവ്വഹിക്കുന്നത്. ഐ.ടി.ഐ.കളുടെ അന്തരീക്ഷം പ്രകൃതി സൗഹൃദമാക്കുക, മഴവെള്ള സംഭരണികൾ, ബയോഗ്യാസ്, ബയോവേസ്റ്റ് പ്ലാന്റുകൾ, പച്ചത്തുരുത്ത് തുടങ്ങിയവ സ്ഥാപിക്കുക, കാമ്പസുകളിൽ ഫലവൃക്ഷത്തൈകൾ നടുക, തുടങ്ങിയവ പ്രധാനമായും ഇതിൽ ഉൾപ്പെടുന്നു. ഐ.ആർ.ടി.സി., കോസ്റ്റ്ഫോഡ്, ശുചിത്വമിഷൻ, ഭൂജല വകുപ്പ്, ഫിഷറീസ് വകുപ്പ്, എനർജി മാനേജ്മെന്റ് സെന്റർ, കൃഷി വകുപ്പ്, ജലസേചന വകുപ്പ് എന്നിവയുടെ സഹകരണവും പദ്ധതിയുടെ നടത്തിപ്പിലുണ്ടാവും. നവംബർ 1 ന് ഹരിത ഐ.ടി.ഐ. കാമ്പസ് പ്രഖ്യാപനത്തിന് മുമ്പ് തന്നെ ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള കർമ്മപദ്ധതി ഇന്നലെ(20.08.2019) നടന്ന ശിൽപ്പശാലയിൽ തയ്യാറാക്കി. ഓരോ ഐ.ടി.ഐ.കളേയും ഹരിതകാമ്പസുകളാക്കി മാറ്റുന്നതിന് പ്രത്യേകം പ്രത്യേകം മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള സജ്ജീകരണങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി വരികയാണ്.

(ഒപ്പ്)
**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

 റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം–695 004
ഫോൺ : 0471 2449939, ഇ–മെയിൽ : haritham@kerala.gov.in

F925